ഉന്നതവിദ്യാഭ്യാസ രംഗത്തെ അധ്യാപക സംവരണത്തിന്റെ രാഷ്ട്രീയം 13 പോയന്റ് റോസ്റ്റർ സംവിധാനത്തിന്റെ പശ്ചാത്തലത്തിൽ അനാവരണംചെയ്യുന്നു. സംവരണത്തെ തത്ത്വത്തിൽ നിഷേധിക്കാതെതന്നെ, സാങ്കേതികമായ നീക്കുപോക്കുകൾകൊണ്ട് പിന്നാക്ക സംവരണം പൂർണമായും നിഷേധിക്കുന്ന സംവിധാനമാണിതെന്ന് ലേഖകൻ സമർഥിക്കുന്നു.

അട്ടിമറിയല്ല, സംവരണ നിഷേധംതന്നെ

കെ. അഷ്റഫ്



13 പോയന്റ് റോസ്റ്റർ സംവിധാനത്തിനെതിരെ നടന്ന പ്രതിഷേധം

ഇക്കഴിഞ്ഞ ജനുവരി 22ന് ഉന്നത വിദ്യാഭ്യാസ രംഗത്തെ അധ്യാപക സംവരണത്തെക്കുറിച്ച് സുപ്രീംകോടതി പുതിയൊരു വിധി പുറപ്പെടുവിച്ചു. യഥാർഥത്തിൽ, 2017 ഏപ്രിലിൽ അലഹബാദ് ഹൈകോടതി പുറപ്പെടുവിച്ച വിധി അംഗീകരിക്കുക മാത്രമാണ് സുപ്രീംകോടതി ചെയ്തത്.

കൊളോണിയൽ ഇന്ത്യയിൽ,1901ൽ, ശാഹു മഹാരാജിലൂടെയും ബ്രിട്ടീഷ് അധിനിവേശാനന്തര ഇന്ത്യയിൽ, 1952ൽ, ഡോ.ബി.ആർ. അംബേദ്കറിലൂടെയും തുടങ്ങുന്ന സംവരണവ്യവസ്ഥകളുടെ ചരിത്രത്തിലെ പ്രധാനപ്പെട്ട വഴിത്തിരിവായി ഈ പുതിയ കോടതിവിധിയെ അടയാളപ്പെടുത്തേണ്ടതുണ്ട്. സാമൂഹിക നീതിയുടെ പക്ഷം നിൽക്കുന്നവർ ഏറെ ജാഗ്രതയോടെ ശ്രദ്ധിക്കേണ്ട രാഷ്ട്രീയ സന്ദർഭമാണിത്.

സാങ്കേതിക ഭാഷയിൽ, 13 പോയന്റ് റോസ്റ്റർ സിസ്റ്റം (roster system) എന്നറിയപ്പെടുന്ന സംവരണ ക്രമീകരണ വ്യവസ്ഥയെയാണ് സുപ്രീംകോടതി പിന്താങ്ങിയിരിക്കുന്നത്. ഇനിമുതൽ, കോളജുകൾ അല്ല, മറിച്ച് പഠനവകുപ്പുകൾ ആയിരിക്കും സംവരണ ക്രമീകരണത്തിന്റെ മാനദണ്ഡം. ഈ പുതിയ സംവരണ വ്യവസ്ഥ, സാങ്കേതിക ന്യായത്തിലൂടെ, പിന്നാക്ക- ന്യൂനപക്ഷ സംവരണത്തെ, നിഷേധിക്കുകയാണ് ചെയ്യുന്നത്.

നേരത്തേ ഉണ്ടായിരുന്ന 200 പോയന്റ് റോസ്റ്റർ സിസ്റ്റം പ്രകാരം കോളജുകൾ ആയിരുന്നു സംവരണ ക്രമീകരണ വ്യവസ്ഥയുടെ അടിസ്ഥാന യൂനിറ്റ്. ഈ വ്യവസ്ഥ മാറ്റുന്നതിലൂടെ ഉന്നത വിദ്യാഭ്യാസ രംഗത്തെ എസ്.സി/എസ്.ടി/ഒ.ബി.സി അധ്യാപക പ്രാതിനിധ്യം ഗണ്യമായ അളവിൽ കുറയും.

പുതിയ സാഹചര്യത്തിൽ, ഉന്നത വിദ്യാഭ്യാസ രംഗത്തെ സംവരണം, അട്ടിമറിയിൽ (subversion) നിന്നു നിഷേധത്തിലെക്കെത്തിയെന്നാണ് (denial) മനസ്സിലാക്കേണ്ടത്. 200 പോയന്റ് റോസ്റ്റർ സിസ്റ്റം നേരെ ചൊവ്വെ നടപ്പിലാക്കാത്തതിനാൽ മെറിറ്റ് നിഷേധവും സംവരണ അട്ടിമറിയുമാണ് നിലനിന്നിരുന്നതെങ്കിൽ ഇപ്പോൾ സംവരണം തന്നെ ഫലത്തിൽ ഇല്ലാതാകുന്ന അവസ്ഥയാണ് വന്നുചേർന്നിരിക്കുന്നത്.

200 പോയന്റ് റോസ്റ്റർ സിസ്റ്റം തത്ത്വത്തിൽ എസ്.സി/എസ്.ടി/ഒ.ബി.സി അനുകൂലമാണെങ്കിലും അതിന്റെ പ്രയോഗം ഒരിക്കലും നീതിപൂർവമായിരുന്നില്ല. സവർണ ഉദ്യോഗസ്ഥ ലോബിയുടെയും ജുഡീഷ്യറിയിലെ സവർണ ലോബിയുടെയും അധ്യാപകരിൽ നിലനിൽക്കുന്ന ജാതിമേൽക്കോയ്മ താൽപര്യങ്ങളുടെയുമടക്കം നിരവധി അട്ടിമറി ശ്രമങ്ങൾക്കുള്ളിലാണ്, കുഴപ്പങ്ങൾ ധാരാളമുണ്ടെങ്കിലും 200 പോയന്റ് റോസ്റ്റർ സിസ്റ്റം നിലനിന്നിരുന്നത്.

എന്നാൽ, സംവരണവും മെറിറ്റും ഒരുപോലെ നിഷേധിച്ചാണ് 13 പോയന്റ് റോസ്റ്റർ സിസ്റ്റം നടപ്പിലാക്കാൻ പോവുന്നത്. സംവരണ നിഷേധത്തിന്റെ പുതിയ ഘട്ടമാണിത്. ഇന്ത്യൻ യൂനിവേഴ്സിറ്റികളിൽ നടക്കുന്ന അധ്യാപക നിയമനങ്ങളിൽ 13 പോയന്റ് റോസ്റ്റർ സിസ്റ്റത്തിലൂടെ സംഭവിക്കാൻ പോകുന്നതെന്താണ്? അടുത്ത 30 വർഷത്തിനുള്ളിൽ രാജ്യത്തെ മേൽജാതി പ്രഫസർമാരുടെ എണ്ണം 99.4 ശതമാനമായി മാറും എന്നതാണ് ഇതിന്റെ അനന്തര ഫലം. കണക്കുകൾ അതാണ് സൂചിപ്പിക്കുന്നത്.

കോടതിയുടെയും സർക്കാറിന്റെയും നിലപാടുരാഹിത്യം

200 പോയന്റ് റോസ്റ്റർ സിസ്റ്റം അനുസരിച്ച് ചില ഡിപ്പാർട്മെന്റുകളിൽ കൂടുതൽ സംവരണവും മറ്റു ചില ഡിപ്പാർട്മെന്റുകളിൽ കുറഞ്ഞ സംവരണവും എന്ന രീതിയിൽ വിവേചന മുണ്ടാവുന്നുവെന്നാണ് അലഹബാദ് ഹൈകോടതി ചൂണ്ടിക്കാണിച്ചത്. മുഴുവൻ കോളജും ഒരു യൂനിറ്റായി എടുക്കുകയും അങ്ങനെ സംവരണസീറ്റുകൾ കോളജിന്റെ വിവിധ ഡിപ്പാർട്മെന്റുകളിലൂടെ വിതരണംചെയ്യുകയും ആയിരുന്നു 200 പോയന്റ് റോസ്റ്റർ സിസ്റ്റം ചെയ്തിരുന്നത്. അതിനാൽ, കോളജ് നിയമനങ്ങളിൽ, ആദ്യത്തെ 200 തസ്തികകളിൽ, 99 എണ്ണം എസ്.സി/എസ്.ടി/ഒ.ബി.സി വിഭാഗങ്ങൾക്കു പോവുകയും ബാക്കി ജനറൽ വിഭാഗത്തിൽ നിലനിൽക്കുകയും ചെയ്യുമായിരുന്നു. അങ്ങനെ, എല്ലാ ഡിപ്പാർട്മെന്റുകളിലും തത്ത്വത്തിലെങ്കിലും തുല്യ രീതിയിൽ സംവരണ വിഭാഗങ്ങൾക്ക് പ്രാതിനിധ്യം ലഭിക്കുന്ന അവസ്ഥയുണ്ടായിരുന്നു (ഇതിനകത്തെ മെറിറ്റ് അട്ടിമറി മറ്റൊരു പഠനവിഷയമാണ്). മാത്രമല്ല, ഏതെങ്കിലും ഡിപ്പാർട്മെന്റിൽ സംവരണ വിഭാഗങ്ങൾക്ക് സീറ്റ് കുറവാണെങ്കിൽ മറ്റു ഡിപ്പാർട്മെന്റുകളിൽ കൂടുതൽ സീറ്റ് നൽകി നികത്തുന്ന സംവിധാനവും ഉണ്ടായിരുന്നു. തത്ത്വത്തിൽ ഇതായിരുന്നു അവസ്ഥയെങ്കിലും കോളജുകളിലും കേന്ദ്ര സർവകലാശാലകളിലും പ്രായോഗികമായി ഇതു നടപ്പിലാകാറില്ലായെന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

എന്നാൽ, 13 പോയന്റ് റോസ്റ്റർ സിസ്റ്റം, ചില പഠന വകുപ്പുകളിൽ, സംവരണം തന്നെ ഇല്ലാതാക്കും. മൂന്ന് അധ്യാപകർ മാത്രമുള്ള പഠന വകുപ്പുകളിൽ സംവരണം തന്നെ ഇല്ലാതാവുകയാണ്. ആറ് അധ്യാപകർ മാത്രമുള്ള പഠന വകുപ്പുകളിൽ സംവരണ വിഭാഗത്തിൽ നിന്ന് ഒരു ഒ.ബി.സി അധ്യാപകനു മാത്രമേ അവസരം ലഭിക്കുകയുള്ളൂ. ചുരുക്കത്തിൽ, സംവരണ അട്ടിമറിയുടെ പേരും പറഞ്ഞ് കോടതി, സംവരണ നിഷേധമാണ് നടത്തുന്നത്.

ഉന്നത വിദ്യാഭ്യാസ രംഗത്ത് രാജ്യത്തെ ഏതു വിദ്യാർഥിയും നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. പക്ഷേ, വിദ്യാഭ്യാസത്തിനുശേഷം തൊഴിൽമേഖലയിൽ മേൽജാതി വിദ്യാർഥികൾക്ക് കൂടുതൽ അവസരവും പ്രാതിനിധ്യവും ലഭിക്കുന്നുവെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

അലഹബാദ് ഹൈകോടതിവിധി കേന്ദ്ര സർക്കാറിനു താൽപര്യമുള്ള വിധിയാണ്. 2018 മാർച്ചിൽത്തന്നെ, 13 പോയന്റ് റോസ്റ്റർ സിസ്റ്റംപ്രകാരം നിയമനം നടത്താൻ യു.ജി.സി വിജ്ഞാപനം ഇറക്കിയിരുന്നു. പ്രതിഷേധം കാരണമാണ് സർക്കാർ അതു മരവിപ്പിച്ചത്. പുതിയ റോസ്റ്റർ സിസ്റ്റം നടപ്പിലാക്കാൻ തിടുക്കം കാണിച്ചു രംഗത്തുവന്ന കേന്ദ്ര സർക്കാർ ഇപ്പോൾ വലിയ പ്രക്ഷോഭങ്ങളെ നേരിടുകയാണ്. ബിഹാറിലും ഉത്തർപ്രദേശിലും ധാരാളം തെരുവു പ്രക്ഷോഭങ്ങൾ നടന്നുകഴിഞ്ഞു. രാഷ്ട്രീയ സമ്മർദത്തിനൊടുവിൽ സുപ്രീംകോടതിയിൽ അപ്പീലിന് പോകാൻ ബി.ജെ.പി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. പാർലമെന്റിൽ ഒറ്റ രാത്രികൊണ്ട് (മുന്നാക്ക) സാമ്പത്തിക സംവരണ ബിൽ നടപ്പിലാക്കിയ സർക്കാർ പക്ഷേ, പിന്നാക്ക വിഭാഗങ്ങളുടെ സംവരണത്തിന്റെ കാര്യത്തിൽ അത്ര വേഗതയിൽ തീരുമാനമെടുക്കില്ല.

അധ്യാപക സംവരണത്തിന്റെ ചരിത്രം

ഉന്നത വിദ്യാഭ്യാസ രംഗത്ത് രാജ്യത്തെ ഏതു വിദ്യാർഥിയും നിരവധി വെല്ലുവിളികൾ നേരിടുന്നുണ്ട്. പക്ഷേ, വിദ്യാഭ്യാസത്തിനുശേഷം തൊഴിൽമേഖലയിൽ മേൽജാതി വിദ്യാർഥികൾക്ക് കൂടുതൽ അവസരവും പ്രാതിനിധ്യവും ലഭിക്കുന്നുവെന്നാണ് പഠനങ്ങൾ വ്യക്തമാക്കുന്നത്.

അഭിമുഖങ്ങളിലും ഇംഗ്ലീഷ് ഭാഷാപ്രാവീണ്യത്തിലും ജാതി മൂലധനത്തിലും കുടുംബ/സാമൂഹിക നെറ്റ്വർക്കുകളിലും സാംസ്കാരിക മൂലധനമുള്ള മേൽജാതി വിദ്യാർഥികൾ ജോലിക്കപേക്ഷിക്കുമ്പോൾത്തന്നെ മുന്നി





ഉന്നത വിദ്യാഭ്യാസ മേഖലയിലെ സംവരണ അട്ടിമറിക്കെതിരെ ഉയരുന്ന പ്രതിഷേധങ്ങൾ

ൽ വരുകയാണ്. സ്വാഭാവികമായും തൊഴിൽമേഖലയിൽ അവരുടെ അവ സരവും പങ്കാളിത്തവും കൂടുന്നു. ഈ തൊഴിൽ സംസ്കാരം, തലമുറകളിലൂ ടെ വിനിമയം ചെയ്യപ്പെട്ടതുമാണ്. അ ങ്ങനെ, ഉറച്ച കുടുംബ/ജാതി/സമുദാ യ ശൃംഖലകൾ തൊഴിൽമേഖലയിൽ വ്യാപിക്കുന്നു. ഫ്രഞ്ച് സാമൂഹിക ചി ന്തകനായ പിയറെ ബോർഡ്യൂ നിരീ ക്ഷിക്കുന്നതുപോലെ, നിരന്തരം പുന രുൽപാദിക്കപ്പെടുന്ന സാമൂഹിക അ ധികാരമായാണ് തൊഴിൽരംഗത്തെ

സ്വകാര്യ/പൊതു തൊഴിൽമേഖലക ളിൽ സംവരണം ആവശ്യപ്പെടുന്നതി ന്റെറ കാരണവും മറ്റൊന്നല്ല.

എന്നാൽ, തൊഴിൽസംവരണം ന യപരമായി നടപ്പിലായ പൊതുമേഖ ലയിൽ പിന്നാക്ക വിഭാഗങ്ങൾ അനു ഭവിക്കുന്ന വെല്ലുവിളി മറ്റൊരു വിധ ത്തിലാണ്. ക്ലാസ് സി, ക്ലാസ് ഡി ജോ ലികളിൽ സാമാന്യം ഭേദപ്പെട്ട പ്രാ തിനിധ്യം സംവരണവിഭാഗങ്ങൾക്കു ണ്ട്. എന്നാൽ, ക്ലാസ് എ, ക്ലാസ് ബി ജോലികളിൽ അവർക്കു നാമമാത്രമാ

2016ൽ, അധ്യാപക നിയമനങ്ങളുടെയും ഭരണകൂട നടപടികളുടെയും പുരോഗതി പരിശോധിച്ചപ്പോൾ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. സംവരണ അട്ടിമറിയുടെ കാലമെന്നു തന്നെ ഈ കാലത്തെ വിശേഷിപ്പിക്കാവുന്നതാണ്.

മേൽജാതി അധികാരം സ്ഥിരപ്രതി ഷ്ഠ നേടിയിട്ടുള്ളത്.

സാംസ്കാരികമായ അനുകൂല ഘ ടകങ്ങൾ ഇല്ലാത്തതുകൊണ്ടുതന്നെ എസ്.സി/എസ്.ടി/ഒ.ബി.സി വിദ്യാർ ഥികളുടെ തൊഴിലവസരം കുറയുന്നു വെന്നും പഠനങ്ങൾ പറയുന്നുണ്ട്. ഉ ന്നത വിദ്യാഭ്യാസം കഴിഞ്ഞാലും ഉ ദ്യോഗാർഥികളുടെ തൊഴിൽ അന്വേ ഷണത്തെ ജാതി/സമുദായ ഘടനക ൾ ബാധിക്കുമെന്ന് സാരം. ദലിത്-പി ന്നാക്ക- ന്യൂനപക്ഷ സംഘടനകൾ

യ പ്രാതിനിധ്യം മാത്രമേയുള്ളൂവെന്ന് സുഖദേവ് തോറാത്ത് നടത്തിയ പഠ നം തെളിയിക്കുന്നു. ക്ലാസ് എ, ക്ലാസ് ബി തൊഴിലുകളുടെ രംഗത്ത് പൊതു വായും ഉന്നത വിദ്യാഭ്യാസ രംഗത്തു സവിശേഷമായും നടക്കുന്ന സംവര ണ അട്ടിമറിയും സംവരണ നിഷേധ വും ഈ സാഹചര്യത്തിൽ ഗൗരവ ശ്ര ദ്ധ അർഹിക്കുന്നു.

1858 മുതൽ ആരംഭിക്കുന്നതാണ് ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാ പനങ്ങളുടെ ആധുനിക ചരിത്രം. പ ക്ഷേ, ഈ സ്ഥാപനങ്ങളിൽ 2006ലാ ണ് ദലിത് -ആദിവാസി- പിന്നാക്ക-ന്യൂനപക്ഷങ്ങൾക്ക് അനുകൂലമായ മാറ്റം സംഭവിച്ചുതുടങ്ങുന്നത്. ചരിത്ര പരമായ വികാസംതന്നെയായിയിരു ന്നു അത്.

സംവരണവ്യവസ്ഥകളുടെ ചരി ത്രത്തിൽ അധ്യാപക സംവരണത്തി ന്റെറ ചരിത്രം വളരെ കുറച്ചേ അന്വേ ഷിക്കാൻ ഇടവന്നിട്ടുള്ളൂ. 1952ൽ ബി.ആർ. അംബേദ്കർ സാധ്യമാക്കി യ സംവരണവ്യവസ്ഥ പ്രകാരം, കോ ളജ്, സർവകലാശാലാ തലങ്ങളിലു ള്ള എല്ലാ അധ്യാപക നിയമനങ്ങളി ലെയും ആദ്യത്തെ പോസ്റ്റ് പട്ടിക ജാതിക്കാർക്കു നൽകണമായിരുന്നു. വേണ്ടത്ര എസ്.സി/എസ്.ടി അധ്യാ പകരെ നിയമിക്കാൻ കഴിഞ്ഞില്ലെന്ന സാങ്കേതിക ന്യായം പറഞ്ഞ് ഈ സം വരണ വ്യവസ്ഥ, 1972ൽ എടുത്തുക ളഞ്ഞു. അങ്ങനെയാണ് ഇന്ന് കാണു ന്ന രീതിയിൽ ആദ്യത്തെ മൂന്നു സ്ഥാ നങ്ങൾ ജനറൽ കാറ്റഗറിയാക്കി മാറ്റി യ സംവരണ രീതി ആരംഭിച്ചതെന്ന് പ്രഫസർ എൻ. സുകുമാർ നിരീക്ഷി ക്കുന്നു. 13 പോയൻറ് റോസ്റ്റർ സി സ്റ്റം എന്ന സംവരണ നിഷേധത്തി ന്റെറ സാങ്കേതികവിദ്യ, പുതിയ രീതി യിൽ വികസിക്കുന്ന ചരിത്ര സാഹച ര്യമാണിത്. പിന്നീട്, 1990കളിലും അ ഥവാ മണ്ഡൽ കാലഘട്ടത്തിലും അ ധ്യാപക സംവരണത്തിൽ കാര്യമായ മാറ്റം ഉണ്ടായില്ല. പട്ടികജാതി/പട്ടികവ ർഗ അധ്യാപക സംവരണത്തിൽ പതി മൂന്നു റോസ്റ്റർ സംവിധാനമാണ് അ ന്നും നിലനിർത്തിയത്.

2006ലെ സെൻട്രൽ എജുക്കേഷ നൽ ഇൻസ്റ്റിറ്റ്യൂഷൻ (റിസർവേഷ ൻ ഇൻ അഡ്മിഷൻ) ആക്ടായിരുന്നു

ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ രംഗ ത്ത് ഉറച്ച കാൽവെപ്പോടെ ഒ.ബി.സി സംവരണം കൊണ്ടുവരാൻ സഹായി ച്ചത്. പക്ഷേ, ആദ്യത്തെ ഏഴു വർഷം 13 പോയൻറ് റോസ്റ്റർ സംവിധാനമാ ണ് നിലനിർത്തിയത്. 2013ലാണ് എ സ്.സി/എസ്.ടി/ഒ.ബി.സി സംവരണം പൂർണമായും 200 പോയൻറ് റോസ്റ്റ ർ സംവിധാനമായി മാറുന്നത്. എസ്. സി (15ശതമാനം), എസ്.ടി(7.5 ശതമാ നം), ഒ.ബി.സി (27ശതമാനം) വിഭാഗ ങ്ങൾക്ക് 49.5 ശതമാനം സംവരണം ഉറപ്പുവരുത്തുകയും നിയമനങ്ങളിൽ ശാസ്ത്രീയമായി അതു പാലിക്കപ്പെടു കയും ചെയ്യണമെന്ന് നിഷ്കർഷിച്ച ആ നിയമം, രാജ്യത്തെ ഉന്നത വിദ്യാ ഭ്യാസ രംഗത്തെ ജനാധിപത്യവത്കരി ക്കാനുള്ള പ്രധാനപ്പെട്ട ചുവടുവെപ്പാ യിരുന്നു.

സംവരണ അട്ടിമറിയുടെ കാലം

പത്ത് വർഷത്തിനു ശേഷം, 2016ൽ, അധ്യാപക നിയമനങ്ങളുടെയും ഭര ണകൂട നടപടികളുടെയും പുരോഗ തി പരിശോധിച്ചപ്പോൾ ഞെട്ടിക്കുന്ന വിവരങ്ങളാണ് പുറത്തുവന്നത്. സം വരണ അട്ടിമറിയുടെ കാലമെന്നു ത ന്നെ ഈ കാലത്തെ വിശേഷിപ്പിക്കാ വുന്നതാണ്. സംവരണ അട്ടിമറിയുടെ നൂതന സാങ്കേതിക വിദ്യകൾ വികസി പ്പിച്ചാണ് ജാതിശക്തികൾ ഉന്നത വി ദ്യാഭ്യാസ രംഗം അടക്കിഭരിച്ചതെന്ന് ആ പരിശോധന ബോധ്യപ്പെടുത്തി. 2006ലെ സെൻട്രൽ എജുക്കേഷനൽ ഇൻസ്റ്റിസ്റ്റ്യൂഷൻ (റിസർവേഷൻ ഇ ൻ അഡ്മിഷൻ) ആക്ട് നടപ്പിലാക്കാ തെ സംവരണം അട്ടിമറിക്കുകയായി രുന്നു രാജ്യത്തെ പ്രമുഖ സർവകലാ ശാലകൾ.

ഉന്നത രാഷ്ട്രീയ/സാമൂഹിക മൂല്യ ങ്ങളുടെ കേന്ദ്രമെന്നു കരുതപ്പെടുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ അടിസ്ഥാ നപരമായി സംരക്ഷിക്കുന്നത് ജാതി ഹിന്ദു താൽപര്യങ്ങൾ മാത്രമാണെ ന്നു വ്യക്തമാക്കുന്ന അനേകം റിപ്പോ ർട്ടുകളും കണക്കുകളും വസ്തുതാ നേഷണങ്ങളുടെ ഭാഗമായി പുറത്തു വന്നു. ഇടത് അധ്യാപക സംഘടനക ളും ഇന്ത്യൻ നാഷനൽ കോൺഗ്രസ് അടക്കമുള്ള രാഷ്ട്രീയ പ്രസ്ഥാനങ്ങ ളും ഇതിനു കൂട്ടുനിൽക്കുകയായിരു ന്നു. രണ്ട് ഉദാഹരണങ്ങൾ മാത്രം ചു വടെ നൽകുന്നു: ഒന്നാമതായി, രാജ ൻ ഗൊഹെയിൻ കമ്മിറ്റി റിപ്പോർട്ടും ര ണ്ടാമതായി ജെ.എൻ.യു അടക്കമുള്ള കേന്ദ്ര സർവകലാശാലകളിലെ അ ധ്യാപക സംവരണ അട്ടിമറിയുടെ ക ണക്കുകളും ആണ് ഇവിടെ പരിശോ ധിക്കുന്നത്.

1) 2006ലെ ആക്ട് നടപ്പിലാക്കി പ ത്തു വർഷം തികഞ്ഞപ്പോൾ രാജൻ ഗൊഹെയിൻ എന്ന ബി.ജെ.പി എം. പിയുടെ നേതൃത്വത്തിൽ ആ നിയമ ത്തിന്റെറ ഫലപ്രാപ്തി പഠിക്കാൻ പാ ർലമെൻററി കമ്മിറ്റി നിലവിൽ വന്നു. ഉന്നത വിദ്യാഭ്യാസരംഗത്ത് നടപ്പിലാ ക്കിയ ഒ.ബി.സി സംവരണത്തിൽ വ ൻ അട്ടിമറിയും പാകപ്പിഴവുകളും അ ലംഭാവവും നടന്നതായി പ്രസ്തുത കമ്മിറ്റി ചൂണ്ടിക്കാണിച്ചിരുന്നു. ജാതി വിവേചനം മുതൽ നിയമവ്യവഹാര ങ്ങളിൽ കുടുക്കി സംവരണം അട്ടിമറി ക്കുന്നതടക്കമുള്ള രീതികൾ ഇതിനാ യി സംവരണവിരുദ്ധ ശക്തികൾ എടു ത്തുപയോഗിച്ചിരുന്നുവെന്നും കമ്മിറ്റി കണ്ടെത്തി. ബി.ജെ.പി എം.പിയായ രാജൻ ഗൊഹെയിൻ, സ്വന്തം പാർട്ടി ഭരിക്കുമ്പോൾ തന്നെ ഈ വിമർശനം ഉന്നയിച്ചത് 2016ൽ വലിയ വാർത്ത യായിരുന്നു.

അധ്യാപക സംവരണത്തിൽ രാജ്യ ത്തെ പ്രധാന സർവകലാശാലകളിലു ള്ള ഒ.ബി.സി ബാക്ക്-ലോഗിന്റെറ വി ശദാംശങ്ങൾ രാജൻ ഗൊഹെയിൻ ക മ്മിറ്റി അന്നു പുറത്തുവിട്ടിരുന്നു. വിശ്വ ഭാരതി (50), ഹരി സിങ് ഗൗർ സർവ



ജെ.എൻ.യു

കലാശാല (45), ഗുരു ഗാസിദാസ് സർവകലാശാല (44), പോണ്ടിച്ചേരി സർവകലാശാല (34), തെസ്പൂർ സർവകലാശാല (33), അസം സർവകലാശാല (32), ഡൽഹി സർവകലാശാല (32), അലഹബാദ് സർവകലാശാല (32) തുടങ്ങിയ സ്ഥാപനങ്ങളിലെ ബാക് ലോഗിന്റെ കണക്കുകൾ പറയുന്നതെന്താണ്? 2006ലെ ആക്ട് നടപ്പിലാക്കിയതിനുശേഷം നടന്ന സംവരണ അട്ടിമറിയുടെയും സംവരണ സീറ്റുകൾ പൂഴ്ത്തിവെച്ചതിന്റെയും വ്യക്തമായ തെളിവുകളാണത്. ആ ബാക്ലോഗുകൾ ഇന്നും നികത്തപ്പെട്ടിട്ടില്ല. യോജിച്ച മുന്നേറ്റത്തിന് ഒ.ബി.സികൾ പോലും തയാറായിട്ടില്ല.

രണ്ടു കാര്യങ്ങൾകൂടി പ്രസ്തുത കമ്മിറ്റി അന്നു സൂചിപ്പിച്ചിരുന്നു. ഒന്ന്, ഉന്നത ശാസ്ത്ര/സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ സംവരണത്തിന്റെ സ്ഥിതി പരമ ദയനീയമാണെന്ന് കമ്മിറ്റി വിലയിരുത്തി. രണ്ട്, 2166 കോടിയാണ് സംവരണം നടപ്പാക്കാൻ 2006-2016 കാലയളവിൽ സർക്കാർ ചെലവഴിച്ചത്. സംവരണം ഉപയോഗിച്ച് നിയമനം നടത്തുമ്പോൾ അത് ജനറൽ സീറ്റുകളിലെ നിയമനങ്ങളെ ബാധിക്കാൻ സാധ്യതയുണ്ട്. വൻ തുക പ്രത്യേകം നൽകിയത് അങ്ങനെ സംഭവിക്കാതിരിക്കാനായിരുന്നു. എന്നാൽ, ഡൽഹി സർവകലാശാലയും അലഹബാദ് സർവകലാശാലയും അധ്യാപന രംഗത്തും വിദ്യാർഥി പ്രവേശനത്തിലും ഒ.ബി.സികൾക്കു സംവരണം നൽകിയില്ലെങ്കിലും തങ്ങൾക്കു കിട്ടിയ ഫണ്ട് മുഴുവൻ മറ്റു വഴികളിൽ ചെലവഴിച്ചു തീർത്തിരുന്നുവെന്നു ഗൊഹെയിൻ കമ്മിറ്റി കണ്ടെത്തി.

2) കഴിഞ്ഞ കാലത്ത് ഒ.ബി.സി സംവരണത്തിന്റെ മേഖലയിലാണ് ഏറ്റവും മികച്ച നയപരമായ വികാസങ്ങൾ സധ്യമായിരുന്നത്. 200 പോയൻറ് റോസ്റ്റർ സിസ്റ്റം അതിന്റെ ഏറ്റവും മികച്ച, പ്രായോഗിക മാതൃകയായിരുന്നു. നയപരമായ വികാസം ഉണ്ടായെങ്കിലും കണക്കുകൾ നിരന്തരം സംവരണ അട്ടിമറിയുടെ കഥയാണ് പറയുന്നത്.

രാജ്യത്തെ നാൽപതു കേന്ദ്രസർവകലാശാലകളിൽ ഒ.ബി.സി സംവരണ അധ്യാപകരുടെ ശതമാനം 14.38ശതമാനം മാത്രമാണെന്ന് ഇന്ത്യൻ എക്സ്പ്രസ് ഈ വർഷം (17 ജനുവരി 2019) പുറത്തുവിട്ട കണക്കുകൾ സൂചിപ്പിക്കുന്നു. പകുതി ഒ.ബി.സി സംവരണ സീറ്റുകൾ ഇനിയും നികത്താൻ ബാക്കിയാണ്. ഒ.ബി.സി സംവരണത്തിലൂടെ വന്ന പ്രഫസർ, അസോസിയേറ്റ് പ്രഫസർമാരുടെ എണ്ണം വട്ടപ്പൂജ്യമാണ്. നേരത്തേ സൂചിപ്പിച്ച 200 പോയൻറ് റോസ്റ്റർ സിസ്റ്റത്തിന്റെ അട്ടിമറിയാണ് ഇവിടെ സംഭവിച്ചിരിക്കുന്നത്. മെച്ചപ്പെട്ട സംവരണ ക്രമീകരണ വ്യവസ്ഥപോലും പ്രായോഗികമായി അട്ടിമറിക്കപ്പെടുന്നുവെന്നാണ് ഇതു സൂചിപ്പിക്കുന്നത്.

◆ ഭരണഘടന ഉറപ്പുനൽകുന്ന അവസര സമത്വത്തിനും തുല്യനീതിക്കും എതിരായിട്ടുള്ള വിധിയായിട്ടാണ് സുപ്രീംകോടതിയുടെ വിധിയെ, ദലിത്-ബഹുജൻ ചിന്തകരും ആക്ടിവിസ്റ്റുകളും ഗവേഷകരും മനസ്സിലാക്കുന്നത്.

എന്നാൽ ഇതു പരിഹരിക്കേണ്ട ഭരണകൂടം, 2016ൽ മാനവിക വിഷയങ്ങളിലെ ഒ.ബി.സി സംവരണം, അസിസ്റ്റൻറ് പ്രഫസർ നിയമനത്തിലേക്കു മാത്രമായി ചുരുക്കി, കൂടുതൽ സംവരണ വിരുദ്ധമാകുകയാണ് ചെയ്തത്. അസോസിയേറ്റ് പ്രഫസർ, പ്രഫസർ സ്ഥാനങ്ങളിലേക്കുള്ള നിയമനങ്ങളിൽ ഒ.ബി.സി സംവരണം വേണ്ട എന്ന തീരുമാനം അങ്ങനെ രാജ്യവ്യാപകമായി.

രാജ്യത്തെ പട്ടികജാതി/പട്ടികവർഗ വിഭാഗങ്ങളുടെ പ്രാതിനിധ്യത്തിന്റെ കാര്യത്തിലും 200 പോയൻറ് റോസ്റ്റർ സിസ്റ്റത്തിൽ വൻ അട്ടിമറിയാണ് നടന്നത്. കേന്ദ്ര സർവകലാശാലകളിലെ 1125 പ്രഫസർമാരിൽ കേവലം 39 എണ്ണമാണ്(3.37ശതമാനം) സംവരണത്തിലൂടെ വന്ന പട്ടികജാതിക്കാർ; പട്ടികവർഗക്കാരാവട്ടെ, എട്ടു പേർ (0.7ശതമാനം) മാത്രവും. ആകെ 2620 അസോസിയേറ്റ് പ്രഫസർമാരിൽ 130 പേരാണ് (4.96ശതമാനം) പട്ടികജാതിക്കാർ; 34 (1.3ശതമാനം) പേരാണ് പട്ടികവർഗക്കാർ. 7741 അസിസ്റ്റൻറ് പ്രഫസർമാരിൽ 931 പേരാണ് (12.02ശതമാനം) പട്ടികജാതി സംവരണം ലഭിച്ചവർ. 42 (5.46ശതമാനം) പേരാണ് പട്ടികവർഗ സംവരണം ലഭിച്ചവർ. ഏതു മേഖലയിലും എങ്ങനെ എടുത്താലും സംവരണം നടപ്പിലായിട്ടില്ലായെന്നു കാണാം. പുരോഗമനപരമായ രീതിയിൽ ക്രമീകരിച്ചിരുന്ന 200 പോയൻറ് സംവരണ വ്യവസ്ഥപോലും പ്രായോഗികമായി അട്ടിമറിക്കപ്പെട്ടു.

2016ൽതന്നെ രാജ്യത്തെ ഇടതുപക്ഷ അധ്യാപക/വിദ്യാർഥി യൂനിയനുകൾക്ക് ചരിത്രപരമായി ആധിപത്യമുള്ള ജവഹർലാൽ നെഹ്റു യൂനിവേഴ്സിറ്റിയെക്കുറിച്ചുള്ള വിവരാവകാശ അപ്പീലിനു കിട്ടിയ മറുപടി ഏറെ ഗൗരവമുള്ളതാണ്. ജെ.എൻ.യുവിലെ അധ്യാപകരുടെ ഏകദേശ എണ്ണം അറുന്നൂറാണ്. അതിൽ 29 എണ്ണം മാത്രമാണ് അസിസ്റ്റൻറ് പ്രഫസർമാരായ ഒ.ബി.സി വിഭാഗക്കാർ. പ്രഫസർ, അസോസിയേറ്റ് പ്രഫസർ തസ്തികയിൽ ഒറ്റ ഒ.ബി.സി അധ്യാപകരും അവിടെ ഇല്ല. ഇപ്പോഴത്തെ കണക്കു പ്രകാരം ആകെ 85 എസ്.സി/എസ്.ടി അധ്യാപകരേ ഉള്ളൂ അവിടെ. സംവരണ നിരക്കിനു താഴെയാണ് അവരുടെ പ്രാതിനിധ്യം എന്നർഥം. ചുരുക്കിപ്പറഞ്ഞാൽ 'പുരോഗമന' കാമ്പസായ ജെ.എൻ.യു, സവർണ സാമൂഹിക പശ്ചാത്തലമുള്ള അധ്യാപകരുടെ കുത്തകയാണ്. രാജ്യത്തെ പൊതുസർവകലാശാലകൾ എത്രത്തോളം 'പൊതു'വണെന്ന ചോദ്യം ഈ അർഥത്തിൽ നിർണായകമാണ്.

200 റോസ്റ്റർ സംവിധാനത്തിനു കീഴിൽ നടക്കുന്ന സംവരണ അട്ടിമറിയാണ് മുകളിൽ സൂചിപ്പിച്ച കണക്കുകൾ സ്പഷ്ടമാക്കിയത്. ഇതിനേക്കാൾ കുഴപ്പം നിറഞ്ഞതാണ് 13 റോസ്റ്റർ സിസ്റ്റം എന്ന പേരിലുള്ള പുതിയ സംവരണ ക്രമീകരണ വ്യവസ്ഥ. ഈ വ്യവസ്ഥ നടപ്പാകുന്നതോടെ, നിലവിലെ നാമമാത്ര പ്രാതിനിധ്യംപോലും ഇല്ലാതാവുന്ന സ്ഥിതിവിശേഷമാണ് വരാൻ പോകുന്നത്.



◆ 13 പോയിൻറ് റോസ്റ്റർ സംവിധാനത്തിനെതിരെ വിദ്യാർഥികളുടെ പ്രതിഷേധം

പുതിയ സംവരണ നിഷേധം

സംവരണം ഉപയോഗിച്ച് സംവരണത്തെ അട്ടിമറിക്കുന്ന സമർഥമായ ഗണിതയുക്തിയാണ് നടപ്പിലാവുന്നത്. 13 പോയൻറ് റോസ്റ്റർ സിസ്റ്റം, ഓരോ ഡിപ്പാർട്മെൻറിലെയും ആദ്യത്തെയും രണ്ടാമത്തെയും മൂന്നാമത്തെയും തസ്തികകൾ സംവരണമില്ലാതെ സൂക്ഷിക്കുന്നു. നാലാമത്തെ തസ്തിക ഒ.ബി.സി ഉദ്യോഗാർഥിക്കായി മാറ്റിവെക്കുന്നു. അഞ്ചാമത്തെയും ആറാമത്തെയും തസ്തിക വീണ്ടും ജനറൽ കാറ്റഗറിയിലേക്ക്. അഥവാ, ഒന്നു മുതൽ ആറു വരെ സീറ്റ് മാത്രമുള്ള പഠനവകുപ്പുകളിൽ അതോടെ പട്ടികജാതി/പട്ടിക വർഗ സംവരണം പൂർണമായും ഇല്ലാതാവും. ഏഴാമത്തെ സീറ്റ് എസ്.സി വിഭാഗത്തിനുകൊടുക്കുന്നു. പതിനാലാമത്തെ സീറ്റ് എസ്.ടി വിഭാഗത്തിനും കൊടുക്കും. എട്ടും പത്രണ്ടും സീറ്റുകൾ ഒ.ബി.സികൾക്ക് കൊടുക്കുമ്പോൾ പത്തും പതിനൊന്നും ജനറൽ കാറ്റഗറിയിലാണ്. ചുരുക്കിപ്പറഞ്ഞാൽ, പതിമൂന്നു പോയൻറ് റോസ്റ്റർ സിസ്റ്റം, സംവരണത്തിന്റെ അടിസ്ഥാന ഉദ്ദേശ്യത്തെത്തന്നെ അട്ടിമറിക്കും. സംവരണത്തെ നിഷേധിക്കാതെതന്നെ, സാങ്കേതികമായ നീക്കുപോക്കുകൾകൊണ്ട് സംവരണം പൂർണമായും നിഷേധിക്കുന്ന സംവിധാനമാണത്.

ഭരണഘടന ഉറപ്പുനൽകുന്ന അവസരസമത്വത്തിനും തുല്യനീതിക്കും എതിരായിട്ടുള്ള വിധിയായിട്ടാണ് സുപ്രീംകോടതിയുടെ വിധിയെ, ദലിത്-ബഹുജൻ ചിന്തകരും ആക്ടിവിസ്റ്റുകളും ഗവേഷകരും മനസ്സിലാക്കുന്നത്. സംവരണ അട്ടിമറിയിലൂടെയും സാമൂഹിക നീതിയുടെ നിഷേധത്തിലൂടെയും എസ്.സി/എസ്.ടി അട്രോസിറ്റി ആക്ട് അടക്കമുള്ളവ പിൻവലിക്കാനുള്ള നീക്കത്തിലൂടെയും സാമ്പത്തിക സംവരണയുക്തിയിലൂടെയും മേൽജാതിക്കാർക്ക് 10 ശതമാനം സംവരണം നൽകാനുള്ള നീക്കത്തിലൂടെയും നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പിന്നാക്ക-ദലിത്-ബഹുജൻ വിരുദ്ധ നടപടികളുടെ തുടർച്ചയായിട്ടാണ് ഈ പുതിയ റോസ്റ്റർ സിസ്റ്റത്തെയും തിരിച്ചറിയേണ്ടതെന്നർഥം. നിലവിലുള്ള സാഹചര്യത്തിൽ ഒരു ഡിപ്പാർട്മെൻറിൽത്തന്നെ നാലോ അഞ്ചോ ആറോ തസ്തികകളിലധികം വരാൻ സാധ്യത കുറവാണ്. അത് അടിസ്ഥാനപരമായി, കാമ്പസുകളിലെ നിലവിലുള്ള എസ്.സി/എസ്.ടി/ഒ.ബി.സി വിഭാഗങ്ങളെ അധ്യാപക തസ്തികകളിൽനിന്ന് പൂർണമായും തുടച്ചുനീക്കാൻ കാരണമാകും. നേരത്തേ സൂചിപ്പിച്ചതുപോലെ കഴിഞ്ഞ പന്ത്രണ്ടു വർഷത്തിനുള്ളിൽ പല രീതിയിൽ അട്ടിമറിക്കപ്പെട്ട എസ്.സി/എസ്.ടി/ഒ.ബി.സി സംവരണം പൂർണമായും ഇല്ലാതാക്കാനുള്ള നടപടിയാണിതെന്ന് നിസ്സംശയം പറയാം.

കേന്ദ്രം ഭരിക്കുന്ന മോദി സർക്കാർ, ദലിത്-പിന്നാക്ക വിഭാഗങ്ങളുടെ സാമൂഹിക മുന്നേറ്റങ്ങളെയും അവരുടെ മുൻകൈയിലുള്ള രാഷ്ട്രീയപാർട്ടികളെയും പലരീതിയിൽ ഒന്നിച്ചുനിർത്താൻ ധാരാളം ശ്രമങ്ങൾ നടത്തുന്നുണ്ട്. പക്ഷേ, നയപരമായ പ്രശ്നങ്ങളിൽ, അടിസ്ഥാനപരമായി ദലിത്-ബഹുജൻ പിന്നാക്ക വിരുദ്ധനിലപാടാണ് ഈ സർക്കാർ സ്വീകരിക്കുന്നത്. മാനവ വിഭവശേഷി വകുപ്പ് നിയന്ത്രിക്കുന്ന സ്ഥാപനമെന്ന നിലയിൽ, അലഹബാദ് ഹൈകോടതിവിധി ഉയർത്തിപ്പിടിക്കാൻ വിശേഷിച്ച് ബാധ്യതയൊന്നും ഇല്ലാത്ത, യു.ജി.സിക്ക് അതിനാൽത്തന്നെ പുതിയ റോസ്റ്റർ സിസ്റ്റത്തെ പിന്തുണക്കേണ്ട ആവശ്യമില്ലായിരുന്നു. മറ്റു പല സന്ദർഭങ്ങളിലും അവർ കാത്തിരിക്കുകയും മുഴുവൻ കോടതിവ്യവഹാരങ്ങളും തീർന്ന ശേഷം നടപടിയെടുക്കുകയും ചെയ്തിരുന്നു. എന്നാൽ, 13 പോയൻറ് റോസ്

റ്റർ സംവിധാനത്തിന്റെ കാര്യത്തിൽ യു.ജി.സി അങ്ങനെ ചെയ്യാത്തത് അവരുടെ ജാതി ഹിന്ദുതാൽപര്യങ്ങളെയാണ് വെളിവാക്കുന്നത്.

മേൽജാതി താൽപര്യത്തിന്റെ സംരക്ഷണം

13 പോയൻറ് റോസ്റ്റർ സിസ്റ്റത്തിന്റെ പ്രയോഗവത്കരണം രാജ്യത്തെ ജാതിശക്തികളുടെ പ്രായോഗിക രാഷ്ട്രീയ മുന്നേറ്റത്തിന്റെ ഭാഗമാണ്. പുതിയ റോസ്റ്റർ സിസ്റ്റ പ്രകാരം നടക്കാൻപോകുന്ന സംവരണ നിഷേധം അങ്ങേയറ്റത്തെ വിവേചന ഭീകരതയാണ്. പുതിയ റോസ്റ്റർ സിസ്റ്റം പ്രഖ്യാപിച്ചതിനു ശേഷം രാജ്യത്തെ11 സർവകലാശാലകൾ ഈയടുത്ത് 706 അധ്യാപക പോസ്റ്റുകളിലേക്കുള്ള നിയമനപരസ്യം പുറപ്പെടുവിച്ചു. ഭോപാലിലെ എ.ബി. വാജ്പേയി ഹിന്ദു യൂനിവേഴ്സിറ്റി, മധ്യപ്രദേശിലെ ഇന്ദിര ഗാന്ധി നാഷനൽ ട്രൈബൽ യൂനിവേഴ്സിറ്റി, സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് ഹരിയാന, സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് തമിഴ്നാട്, സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് രാജസ്ഥാൻ, ബനാറസ് ഹിന്ദു യൂനിവേഴ്സിറ്റി, വാരാണസിയിലെ സമ്പൂർണനാഥ് സംസ്കൃത വിശ്വവിദ്യാലയ, യൂനിവേഴ്സിറ്റി ഓഫ് അലഹബാദ്, കാൺപൂരിലെ സി.എസ്.ജെ.ഐ.എം യൂനിവേഴ്സിറ്റി, സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് ഝാർഖണ്ഡ്, സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് പഞ്ചാബ് തുടങ്ങിയവയാണ് ഈ സർവകലാശാലകൾ.

ഉദാഹരണത്തിന്18 സീറ്റുകളാണ് എ.ബി. വാജ്പേയി ഹിന്ദു യൂനിവേഴ്സിറ്റിയിൽ ഉള്ളത്. അവിടെ ഒറ്റ സീറ്റുപോലും പുതിയ റോസ്റ്റർ സിസ്റ്റ പ്രകാരം ഒ.ബി.സികൾക്കില്ല. ഇന്ദിര ഗാന്ധി നാഷനൽ ട്രൈബൽ യൂനിവേഴ്സിറ്റിയിലെ മൊത്തം 51പോസ്റ്റുകളിലും സംവരണമില്ല. അവിടെ ഒരേയൊരു പോസ്റ്റ് മാത്രമാണ് ഒ.ബി.സികൾക്കുള്ളത്. സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് ഹരിയാനയിൽ 80 പോസ്റ്റുകൾ ഉണ്ട്. അതിൽ ഒരു പോസ്റ്റ് പോലും സംവരണവിഭാഗങ്ങൾക്കില്ല. സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് തമിഴ്നാടിൽ 65 പോസ്റ്റിൽ 63ഉം സംവരണത്തിന് അർഹമല്ല. രണ്ടു പോസ്റ്റ് മാത്രം ഒ.ബി.സികൾക്കുണ്ട്. അവിടെ എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് ഒരു പോസ്റ്റ് പോലുമില്ല. സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് രാജസ്ഥാനിൽ 33 പോസ്റ്റുകളുള്ളതിൽ 33ഉം സംവരണത്തിനു പുറത്താണ്. ബനാറസ് ഹിന്ദു യൂനിവേഴ്സിറ്റി 95 പോസ്റ്റുകളിൽ 75ലും സംവരണമില്ല. സമ്പൂർണനാഥ് സംസ്കൃത വിശ്വവിദ്യാലയത്തിൽ(വാരാണസി) 60 പോസ്റ്റുകളിൽ 52ലും സംവരണം കിട്ടില്ല. യൂനിവേഴ്സിറ്റി ഓഫ് അലഹബാദിൽ 153ൽ 126 പോസ്റ്റും ജനറൽ കാറ്റഗറിയിലാണ്. പട്ടികവർഗത്തിന് ഒറ്റ പോസ്റ്റ് പോലും ലഭ്യമല്ല. സി.എസ്.ജെ.ഐ.എം യൂനിവേഴ്സിറ്റി ഓഫ് കാൺപൂരിൽ ഒരു പോസ്റ്റിലും സംവരണത്തിന് അർഹമല്ല. സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് ഝാർഖണ്ഡിലും സ്ഥിതി മറ്റൊന്നല്ല. അവിടെ 63ൽ 58 പോസ്റ്റും സംവരണത്തിന് ലഭ്യമല്ല. സെൻട്രൽ യൂനിവേഴ്സിറ്റി ഓഫ് പഞ്ചാബിൽ 58 പോസ്റ്റിൽ 51ഉം സംവരണത്തിന് അർഹമല്ല. മൊത്തം706 പോസ്റ്റിൽ 626 എണ്ണം സംവരണത്തിന് അർഹമല്ലാതെ ജനറൽ കാറ്റഗറിയായി നിലനിർത്തിയിരിക്കുന്നു. ഇതാണ്13 പോയൻറ് റോസ്റ്റർ സിസ്റ്റത്തിനുശേഷമുള്ള പുതിയ അധ്യാപക നിയമന വിജ്ഞാപനത്തിന്റെ നില. ഇതിലൂടെ ഇല്ലാതാകുന്നത് സാമൂഹിക നീതിയുമായി ബന്ധപ്പെട്ട് രാജ്യത്തെ ദലിത്- പിന്നാക്ക വിഭാഗങ്ങൾ കൈവരിച്ച മുഴുവൻ മുന്നേറ്റങ്ങളുമാണ്.

ഇന്നും തുടരുന്ന സംവരണ അട്ടിമറികളും സംവരണ നിഷേധവും, വിദ്യാഭ്യാസരംഗത്തെ ആധുനിക ജാതീയതയുടെ അധികാരത്തെക്കുറിച്ചുകൂടിയാണ് സംസാരിക്കുന്നത്. ഉന്നത വിദ്യാഭ്യാസരംഗത്തെ ആധുനിക ജാതീയത എന്നത് സാങ്കേതികന്യായങ്ങളിലും ഉദ്യോഗസ്ഥവാഴ്ചയുടെ യുക്തിയിലുമാണ് ക്രമപ്പെടുത്തിയിട്ടുള്ളത്. ഇത് നേരിട്ടു ബാധിക്കുന്നത് സംവരണസമുദായങ്ങളെയാണ്. പൂർവാധുനിക ജാതി/മത ശക്തികളുടെ മടക്കമല്ല ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസരംഗം നേരിടുന്ന വെല്ലുവിളി. മറിച്ച് അധ്യാപകർ/ ശാസ്ത്രജ്ഞർ/ഉദ്യോഗസ്ഥർ/രാഷ്ട്രീയ പ്രവർത്തകർ തുടങ്ങിയവരടക്കമുള്ള അധികാരിവർഗത്തിന്റെ മേൽനോട്ടത്തിൽ, ആധുനിക സ്ഥാപനങ്ങളുടെ അകത്തുതന്നെ സാധ്യമായ ജാതി അധികാരമാണ്.

ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന അവർണ / പിന്നാക്ക ജനവിഭാഗങ്ങളുടെ ജനസംഖ്യയിലുണ്ടായ വർധന തീർച്ചയായും അവരെ കൂടുതൽ സംവരണത്തിനും ഭരണകൂട പ്രാതിനിധ്യത്തിനും അർഹമാക്കുമെന്ന തിരിച്ചറിവ് സംഘ്പരിവാറിനുണ്ട്.

സംവരണ നിഷേധവും പുതിയ രാഷ്ട്രീയ സാഹചര്യവും

സാമ്പത്തിക സംവരണവും വിദ്യാഭ്യാസരംഗത്തെ സംവരണ അട്ടിമറിയും കൊണ്ട് ആർ.എസ്.എസും ബി.ജെ.പിയും വാസ്തവത്തിൽ എന്താണു ലക്ഷ്യംവെക്കുന്നത്? 2011ലെ ജാതി സെൻസസ് പുറത്തുവിടാതിരിക്കാനുള്ള ബി.ജെ.പിയുടെയും സവർണ ലോബിയുടെയും തന്ത്രമാണിതെന്ന് പ്രാഥമികമായി വിലയിരുത്താവുന്നതാണ്. ഉദാഹരണത്തിന്, രണ്ട് ശതമാനമാണ് ഇന്ത്യയിലെ മൊത്തം ബ്രാഹ്മണ ജനസംഖ്യ. എട്ടുവർഷത്തിനുശേഷവും ജാതി സെൻസസിന്റെ കണക്ക് പുറത്തുവിടാതിരിക്കുന്നതിലൂടെ ബി.ജെ.പി ചെയ്തത് എന്താണ്? ജനസംഖ്യാനുപാതികമായ സംവരണംതന്നെ അട്ടിമറിക്കുകയാണ് അവർ ചെയ്യുന്നത്. അങ്ങനെ എല്ലാ പ്രാതിനിധ്യ ജനാധിപത്യ മര്യാദകളെയും കാറ്റിൽപറത്തി, സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മുന്നാക്കക്കാർക്ക് 10 ശതമാനം സംവരണം ഏർപ്പെടുത്തി. അതും കടന്ന് സവർണ താൽപര്യം സംരക്ഷിക്കാൻ 13 പോയൻറ് റോസ്റ്റർ സിസ്റ്റം നടപ്പാക്കാൻ ശ്രമങ്ങൾ നടത്തുന്നു. ഇതിലൂടെ, രണ്ട് ശതമാനം വരുന്ന ബ്രാഹ്മണരുടെ ആധിപത്യമാണ് ബി.ജെ.പി ഉയർത്തിപ്പിടിക്കാൻ ശ്രമിക്കുന്നത്.



സംവരണ അട്ടിമറിക്കെതിരെ പ്രതിഷേധം

ഇന്ത്യയിലെ ബഹുഭൂരിപക്ഷം വരുന്ന അവർണ/പിന്നാക്ക ജനവിഭാഗങ്ങളുടെ ജനസംഖ്യയിലുണ്ടായ വർധന തീർച്ചയായും അവരെ കൂടുതൽ സംവരണത്തിനും ഭരണകൂട പ്രാതിനിധ്യത്തിനും അർഹമാക്കുമെന്ന തിരിച്ചറിവ് സംഘ്പരിവാറിനുണ്ട്. അതിനായുള്ള ജനകീയ പ്രക്ഷോഭം, രാജ്യത്തെ സാമൂഹിക നീതിയുടെ ശക്തികളെ കൂടുതൽ പ്രബുദ്ധരാക്കുമെന്ന കാര്യത്തിൽ സംശയമില്ല. ആ ജനകീയ പ്രക്ഷോഭത്തെ പൂർണമായും ഇല്ലാതാക്കേണ്ടത് ബി.ജെ.പിയുടെ ഭരണത്തുടർച്ചക്കും ആർ.എസ്.എസിന്റെ തെരുവുശക്തിക്കും അത്യാവശ്യമാണ്. അതിനാണ് സാമ്പത്തിക സംവരണവും ബഹുഭൂരിപക്ഷം വരുന്ന അവർണ /പിന്നാക്ക ജനവിഭാഗങ്ങൾക്ക് സംവരണം നിഷേധിച്ചുകൊണ്ടുള്ള ഈ നടപടികളും അവർ ആസൂത്രണംചെയ്തിരിക്കുന്നത്. അതിലൂടെ മേൽജാതി ഹിന്ദുക്കളുടെ സാമൂഹിക ഐക്യം രൂപപ്പെടുമെന്നാണ് സംഘ്പരിവാർ പ്രത്യാശിക്കുന്നത്.

കഴിഞ്ഞ ഒരു ദശാബ്ദക്കാലം ദലിത് പിന്നാക്ക വിഭാഗങ്ങൾ ഉണ്ടാക്കിയ മുന്നേറ്റത്തെ തകർക്കാനുള്ള വഴി, വിദ്യാഭ്യാസരംഗത്തുള്ള ഇടപെടലാണെന്ന് രോഹിത് വെമുലക്ക് നീതിയാവശ്യപ്പെട്ടുള്ള പ്രസ്ഥാനത്തോട് അവർ സ്വീകരിച്ച അടിച്ചമർത്തൽ നടപടിയിലൂടെ എല്ലാവർക്കും ബോധ്യമായതാണ്. ആ നീക്കം നിലവിലെ ഭരണകൂടത്തിനെതിരായ സംഘടിത പ്രക്ഷോഭത്തെ തകർക്കാനും അതോടൊപ്പം സംവരണം എന്ന രാഷ്ട്രീയ സാധ്യതയെ എല്ലാ രീതിയിലും ഇല്ലാതാക്കുന്നതിലുമാണ് എത്തിനിൽക്കുന്നത്. 13 പോയൻറ് റോസ്റ്റർ സംവിധാനം, വിദ്യാഭ്യാസരംഗത്തെ കീഴാള മുന്നേറ്റത്തെ ഇല്ലാതാക്കാൻ ഈ സർക്കാർ സ്വീകരിച്ച നടപടികളുടെകൂടി ഭാഗമാണെന്ന് സ്പഷ്ടം.

ആർ.എസ്.എസിന്റെ ഭാവി പദ്ധതിയുടെ ഭാഗമായി ഇതിനെ വായിച്ചെടുക്കാൻ കഴിയണം. സാമ്പത്തിക സംവരണത്തിന്റെ രാഷ്ട്രീയവും പുതിയ സംവരണ നിഷേധത്തിന്റെ രാഷ്ട്രീയവും ഏറെ വിപുലമാണ്. ജനസംഖ്യാ കണക്കെടുപ്പിലൂടെ ഉണ്ടാകാൻ സാധ്യതയുള്ള പിന്നാക്ക ഉണർവിനെ ഇല്ലാതാക്കിയ ആർ.എസ്.എസ്, മേൽജാതി ഹിന്ദുക്കളുടെ പ്രതി വിപ്ലവ ബ്ലോക്ക് നിർമിക്കാനാണ് സാമ്പത്തിക സംവരണത്തിലൂടെ ശ്രമിക്കുന്നത്. മാത്രമല്ല, പിന്നാക്ക വിഭാഗങ്ങളുടെ സംഘടിത മുന്നേറ്റ സാധ്യതകളെ ഇല്ലാതാക്കാനും അവർ ശ്രമിക്കുന്നു.

തീർച്ചയായും സംഘ്പരിവാർ വെറുക്കുന്ന ഒരു കാര്യമാണ് സംവരണം. നിലവിലെ സാഹചര്യത്തിൽ നേർക്കുനേർ സംവരണ നിഷേധം സാധ്യമല്ല. അതിനാൽത്തന്നെ, സാമ്പത്തികസംവരണം കൊണ്ടുവന്നുകൊണ്ട് സംവരണത്തിന്റെ മാനദണ്ഡങ്ങൾ മാറ്റിയെഴുതുക, പ്രസ്തുത ആശയക്കുഴപ്പങ്ങൾ പരിഹരിക്കാൻ രാജ്യവ്യാപകമായി സംവരണത്തെക്കുറിച്ച് സന്ദേഹങ്ങൾ ഉണ്ടാക്കുക, ഒടുവിൽ കോടതി ഇടപെടലുണ്ടാക്കുക, അതുണ്ടാക്കുന്ന തെരുവു സംഘർഷം പരിഹരിക്കാൻ സംവരണംതന്നെ ഇല്ലാതാക്കുക ഇതെല്ലാമാണ് അവർ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. തീർത്തും ഭരണഘടനാ വിരുദ്ധമായ സാമ്പത്തിക സംവരണംകൊണ്ട് ആർ.എസ്.എസ് ലക്ഷ്യം വെക്കുന്നത് എന്താണ്? '90കളിൽ അഥവാ മണ്ഡൽകാലത്ത് രാജ്യം ദർശിച്ച സവർണ തെരുവുകലാപങ്ങളെ പുനരാനയിക്കാനുള്ള വഴിയാണ് ആർ.എസ്.എസ് തേടുന്നത്.

ഇപ്പോൾ തിടുക്കപ്പെട്ട് നടത്തിയ സാമ്പത്തിക സംവരണവും ഉന്നത വിദ്യാഭ്യാസ രംഗത്ത് ദലിത്- പിന്നാക്ക ജനവിഭാഗങ്ങൾക്ക് നിഷേധിക്കപ്പെട്ട സംവരണവും 2019 ഇലക്ഷനു മുമ്പ് ജാതി സെൻസസ് പുറത്തുവരാതിരിക്കാനുള്ള കാരണവും കൂട്ടിവായിച്ചാൽ ആർ.എസ്.എസ് നിർമിക്കുന്ന ഹിന്ദു രാഷ്ട്രത്തിനെതിരായ പ്രതിഷേധത്തെ ഇല്ലാതാക്കാനുള്ള സോഷ്യൽ എൻജിനീയറിങ് തന്ത്രങ്ങളുടെ പരിച്ഛേദമാണ് ലഭിക്കുന്നത്. അതുകൊണ്ടുതന്നെ ആർ.എസ്.എസ് അജണ്ടകളെ ഫലപ്രദമായി പ്രതിരോധിക്കാൻ എസ്.സി/എസ്.ടി/ഒ.ബി.സി സംവരണത്തിന്റെ രാഷ്ട്രീയ സന്ദേശത്തെ പൂർണമായും ഉൾക്കൊള്ളുന്ന ജനകീയ മുന്നേറ്റത്തിനേ സാധ്യമാവൂ.

സൂചിക
1.Ashwini Deshpande and Katherine Newman. 2007. Where the Path Leads: The Role of Caste in Post-University Employment Expectations. Economic and Political Weekly, Vol. 42, No. 41 (Oct. 13 - 19), pp. 4133-4140.
2. Pierre Bourdieu, Jean Claude Passeron. 1990. Reproduction in Education, Society and Culture. London: Sage Publication.
Samson K Ovichegan. 2015. Faces of Discrimination in Higher Education in India: Quota Policy, Social Justice and the Dalits. New Delhi: Routledge.
3. Sukhadeo Thorat, Paul Attewell. 2007. The Legacy of Social Exclusion: A Correspondence Study of Job Discrimination in India. Economic and Political Weekly, Vol.42,No.45, (December 12- 18), pp. 4141-4145.
4.Sukumar N. 2013. Quota's Children: The Perils of Getting Educated, in 'Beyond Inclusion: The Practice of Equal Access in Indian Higher Education', (Eds.) Satish Deshpande and Usha Zacharias. New Delhi: Routledge.